കേന്ദ്ര, സംസ്ഥാന സർക്കാറുകൾ ജനങ്ങളെ കൊള്ളയടിക്കുന്നു: അഡ്വ: സജീവ് ജോസഫ്

ഇരിക്കൂർ: കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയും സംസ്ഥാനം ഭരിക്കുന്ന എൽ.ഡി.എഫും സാധാരണ ജനങ്ങളെ കൊള്ളയടിക്കാൻ ഒരു പോലെ നേതൃത്വം നൽകുകയാണെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. സജീവ് ജോസഫ് കുറ്റപ്പെടുത്തി. ഓൾ ഇന്ത്യ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് കോൺഗ്രസ് ജില്ലാ കമ്മിറ്റി ഇരിക്കൂറിൽ നടത്തിയ ചക്രസ്തംഭന സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമരത്തിൽ കണ്ണൂർ പ്രസിഡന്റ് നൗഷാദ് ബ്ളാത്തൂർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി. അജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ ഭാരവാഹികളായ മായൻ വേങ്ങാട്, മനോഹരൻ ചാല, ജെസ്സി ഷിജി കാപ്പിമല, വി.വി.സി. ബാലൻ, പി.ജയപ്രകാശ്, ത്രേസ്സ്യാമ ജോസഫ് എന്നിവർ പ്രസംഗിച്ചു. വി.സി. ഷഹദർഷാ സ്വാഗതവും, ബിനോയ് ആലുംകുടത്തിൽ നന്ദിയും പറഞ്ഞു.

പ്രതിഷേധിച്ചു

കുറുമാത്തൂർ: വൃക്കരോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തുനൽകുന്ന തളിപ്പറമ്പ സി.എച്ച്. സെന്ററിനെ സഹായിക്കണം എന്നഭ്യർത്ഥിച്ച പൂവ്വം റഹ്മാനിയ്യ മസ്ജിദ് ഇമാമിനെയും ഫണ്ട് ശേഖരണം നടത്തിയ കമ്മിറ്റി ഭാരവാഹികളെയും കേസിൽ കുടുക്കിയ പോലീസ് നയത്തിനെതിരെ കുറുമാത്തൂർ പഞ്ചായത്ത് മുസ്ലിംലീഗ് കമ്മിറ്റി പ്രതിഷേധിച്ചു.

ആലിക്കുഞ്ഞി പന്നിയൂർ അധ്യക്ഷത വഹിച്ചു. കെ. ഷൗക്കത്തലി, അഡ്വ. കെ.പി. മുജീബ് റഹ്മാൻ, ജബ്ബാർ പൂവം, ടി.കെ. ആരിഫ്, കെ. പി. താജുദീൻ, കെ. മായിൻ പ്രസംഗിച്ചു.

ഉന്നതവിജയികളെ അനുമോദിച്ചു

ശ്രീകണ്ഠപുരം: മലപ്പട്ടം മുനമ്പ് പാമ്പൻമാധവൻ സ്മാരക വായനശാലയുടെ നേതൃത്വത്തിൽ ഉന്നതവിജയികളെ അനുമോദിച്ചു. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വസന്തകുമാരി ഉദ്ഘാടനം ചെയ്തു. വി. പ്രകാശൻ അധ്യക്ഷത വഹിച്ചു. പോസിറ്റീവ് കമ്യൂൺ ട്രെയിനർ വിനോദ് കുമാർ മോട്ടിവേഷൻ ക്ലാസെടുത്തു. സി. ശൈലജ, കെ.ചന്ദ്രൻ, പി.പി. ദിജേഷ് സംസാരിച്ചു.

തമിഴ്നാട് സർക്കാർ അഖിലേന്ത്യാ തലത്തിൽ നടത്തിയ പി.ജി. എൻട്രൻസ് പരീക്ഷയിൽ ഒമ്പതാം റാങ്ക് നേടിയ അനൂപ് ജോയി. കേരളത്തിൽ നിന്നും പരീക്ഷയെഴുതിയവരിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചതും അനൂപ് ജോയിക്കാണ്. പന്തളം എൻ.എസ്.എസ് കോളേജിൽ അവസാനവർഷ ബി.എസ്.സി ജോഗ്രഫി വിദ്യാർത്ഥിയാണ്. വായാട്ടുപറമ്പിലെ കളപ്പുരയ്ക്കൽ ജോയി-ലിസി ദമ്പതികളുടെ മകനാണ്.

കർഷക സമരാഗ്നി

കുറുമാത്തൂർ: കർഷക സംഘം കുറുമാത്തൂർ വില്ലേജ് കമ്മറ്റി പൊക്കുണ്ടിൽ കർഷക സമരാഗ്നി തെളിയിച്ചു. ഇന്ധനവിലവർദ്ധനവ് പിൻവലിക്കുക, കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ കർഷക സമരാഗ്നി കർഷക സംഘം തളിപ്പറമ്പ ഏരിയ സെക്രട്ടറി കെ. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എൻ.കെ. ഭാരതി അദ്ധ്യക്ഷത വഹിച്ചു. വി.പ്രേമരാജൻ മാസ്റ്റർ, കെ.വി. ബാലകൃഷ്ണൻ പ്രസംഗിച്ചു .

മാനവമൈത്രി സംഗമവും അനുമോദനവും

ഏഴോം: കൊട്ടില-ഓണപ്പറമ്പ ശാഖ ശാഖ മുസ്ലിം ലീഗ്, മുസ്ലിം യൂത്ത് ലീഗ് എം എസ് എഫ് സംയുക്താഭിമുഖ്യത്തിൽ മാനവമൈത്രി സംഗമവും എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികൾക്കുള്ള അനുമോദനവും ഇഫ്ത്താറും സംഘടിപ്പിച്ചു.

പി. എ ഹംസ ഹാജിയുടെ അദ്ധ്യക്ഷതയിൽ കല്യാശ്ശേരി മണ്ഡലം മുസ്ലിം ലീഗ് പ്രസിഡണ്ട് എസ്.കെ.എസ്. സക്കരിയ്യ ഉദ്ഘാടനം ചെയ്തു. പ്രമുഖ സാമൂഹിക പ്രവർത്തകൻ വി.ആർ വിഏഴോം മുഖ്യാഥിതിയായിരുന്നു. ജുനൈദ് വാഫി മുഖ്യ പ്രഭാഷണം നടത്തി, ഉന്നത വിജയികളെ ലീഗ് ജന.സെക്രട്ടറി ഗഫൂർ മാട്ടൂൽ അനുമോദിച്ചു. കെ.പി അബ്ദുല്ല ഹാജി, മുസ്ഥഫ കെ കെ, എം.അബ്ദുല്ല, കെ യു. എം. സക്കരിയ്യ ലത്തീഫ്, കെ. തസ്ലിം, എം.പി. ഹസ്സൻ, പി.എൻ. റശീദ്, പി. അഷ്ഫാക്ക്, കെ. സജ് ഫീർ സംസാരിച്ചു. കെ. സൈനുൽ ആബിദീൻ സ്വാഗതവും യു.എം. ഷഹനാദ് നന്ദിയും പറഞ്ഞു.

ആലക്കോട് സ്കൂൾ അധികൃതരെ എൻ.എസ്.എസ് കരയോഗം അനുമോദിച്ചു

ആലക്കോട്: എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ ആലക്കോട് എൻ.എസ്.എസ് ഹയർസെക്കണ്ടറി സ്കൂളിനെ ആലക്കോട് 2605-ാം നമ്പർ എൻ.എസ്.എസ് കരയോഗം ആഭിമുഖ്യത്തിൽ അനുമോദിച്ചു. മുൻ ഹെഡ്മിസ്ട്രസ് എം.ബി. ഓമന, ഹെഡ്മാസ്റ്റർ ഹരികുമാർ എന്നിവർ ചേർന്ന് ഉപഹാരം ഏറ്റുവാങ്ങി. ഭാസ്കരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഗോകുലം ഗോപാലകൃഷ്ണൻ നായർ, ലാലു കുന്നപ്പള്ളി, ജി. ഉണ്ണികൃഷ്ണൻ, കെ.ആർ. ഗോപാലകൃഷ്ണൻ നായർ പ്രസംഗിച്ചു.

ആലക്കോട് എൻ.എസ്.എസ് കരയോഗം ആഭിമുഖ്യത്തിൽ ആലക്കോട് സ്കൂൾ അധികൃതർക്ക് ഉപഹാരം നൽകുന്നു.

ജപ്തി ലേല നടപടികൾ നിർത്തിവെക്കാൻ നിവേദനം നൽകി

ആലക്കോട്: വായ്പ കുടിശികയുടെ പേരിൽ കർഷകർക്കെതിരായ ജപ്തി നടപടി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ഓൾ ഇന്ത്യ ഫാർമേഴ്സ് അസോസിയേഷൻ (ഐഫാ) ആഭിമുഖ്യത്തിൽ മുഖ്യമന്ത്രി, കൃഷി വകുപ്പ് മന്ത്രി, സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡണ്ട് എന്നിവർക്ക് നിവേദനം നൽകി. സംസ്ഥാന സർക്കാർ കടാശ്വാസ കമ്മീഷനെ പുതിയതായി നിശ്ചയിക്കാൻ തീരുമാനിക്കുകയും കാർഷിക കടങ്ങൾക്ക് ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ എല്ലാ ബാങ്കുകളോടും ജപ്തി-ലേല നടപടികൾ നിർത്തിവെയ്ക്കാൻ ഉത്തരവ് നൽകണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു. മലയോരത്തെ കർഷകർക്കെതിരെ ജപ്തി ചെയ്യുന്നതിൽ നിന്ന് പിൻമാറണമെന്നാവശ്യപ്പെട്ട് തളിപ്പറമ്പ് കാർഷിക വികസന ബാങ്ക് അധികൃതർക്കും നിവേദനം നൽകി. ഐഫാ ചെയർമാൻ അഡ്വ. ബിനോയി തോമസ്, സുരേഷ്കുമാർ ഓടപ്പന്തിയിൽ, മാത്യു അരശേരി, ശാലോം ലാലിച്ചൻ, ബെന്നി ചെരിയൻകുന്നേൽ, സിജു ജോസഫ്, അബ്രഹാം ഈന്തനാകുന്നേൽ എന്നിവയുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

ചിത്രരചനാ മൽസരം 10ന്

ആന്തൂർ: കണ്ണപുരം ഈസ്റ്റ് യു.പി സ്കൂളിലെ ചിത്രകലാധ്യാപകനായിരുന്ന ചന്ദ്രൻ മാസ്റ്ററുടെ ഒന്നാം ചരമ വാർഷിക ദിനാചരണത്തിന്റെ ഭാഗമായി പുന്നക്കുളങ്ങര ഇ. കെ. നായനാർ സ്മാരക വായനശാലയും ബ്രദേഴ്സ് ക്ലബും സംയുക്തമായി ആന്തൂർ നഗരസഭാ പരിധിയിലെ കുട്ടികൾക്കായി ചിത്രരചന മൽസരം (വാട്ടർ കളർ) നടത്തുന്നു. പത്തിന് വൈകുന്നേരം മൂന്ന് മണിക്ക് ഗോവിന്ദൻ കണ്ണപുരം ഉദ്ഘാടനം ചെയ്യും. പി. കെ. മുജീബ് റഹ്മാൻ, വി.പി. പത്മേഷ്, സി.എ. രജീഷ് സംസാരിക്കും. 15ന് വൈകീട്ട് ആറിന് നടക്കുന്ന അനുസ്മരണ സമ്മേളനം പി. മുകുന്ദൻ ഉദ്ഘാടനം ചെയ്യും. ജിതേഷ് കണ്ണപുരം അനുസ്മരണ പ്രഭാഷണം നടത്തും. മൽസര വിജയികൾക്ക് എം. രാജഗോപാലൻ സമ്മാന വിതരണം നടത്തും. ബി. മധുസൂദനൻ, കെ. രജിത്ത് കുമാർ, ടി.പി. സുരേഷ് ബാബു, സി.എ. രജീഷ് സംസാരിക്കും.

അനുമോദിക്കും

പാപ്പിനിശേരി: പാപ്പിനിശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസക്കാരായ എസ്.എസ്.എൽ.സിക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കും. അപേക്ഷകർ മാർക്ക് ലിസ്റ്റിന്റെ കോപ്പി, ഫോട്ടോ, സ്ഥിരതാമസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം 12ന് മുമ്പ് പഞ്ചായത്ത് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

നെടുങ്ങോം സ്കൂളിൽ കമ്പ്യൂട്ടറുകളുടെ ഉദ്ഘാടനം നഗരസഭാ ചെയർമാൻ പി.പി രാഘവൻ നിർവ്വഹിക്കുന്നു.

കമ്പ്യൂട്ടർ ഉദ്ഘാടനം ചെയ്തു

ശ്രീകണ്ഠപുരം: നെടുങ്ങോം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് പി കെ ശ്രീമതി എം പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് അനുവദിച്ച കംപ്യൂട്ടറുകളുടെ ഉദ്ഘാടനം ശ്രീകണ്ഠപുരം നഗരസഭ ചെയർമാൻ പി. പി രാഘവൻ ഉദ്ഘാടനം ചെയ്തു. കൗൺസിലർ എ സി. ഷീജ, എം.സി ഹരിദാസൻ, ഇ.പി ഭാർഗവി, പി പി.ചന്ദ്രാംഗധൻ സംസാരിച്ചു. ഇ കുഞ്ഞികൃഷ്ണൻ സ്വാഗതം പറഞ്ഞു.

ജപ്തിക്കെതിരെ ആലക്കോട് ബാങ്കിന് മുന്നിൽ കർഷക കോൺഗ്രസ് പ്രതിഷേധ സമരം 11ന്

ആലക്കോട്: കടക്കെണിയിലായ കർഷകർക്കെതിരെയുള്ള തളിപ്പറമ്പ് കാർഷിക വികസന ബാങ്കിന്റെ ജപ്തി നടപടികൾ നിർത്തി വെയ്ക്കണമെന്നാവശ്യപ്പെട്ട് 11ന് രാവിലെ ആലക്കോട്ട് കാർഷിക വികസന ബാങ്കിന് മുന്നിൽ പ്രതിഷേധ സമരം നടത്തുന്നതിന് ആലക്കോട് ചേർന്ന കർഷക കോൺഗ്രസിന്റെയും കോൺഗ്രസിന്റെയും സംയുക്ത യോഗം തീരുമാനിച്ചു. കർഷക കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് പി.ടി. സഗുണന്റെ അധ്യക്ഷതയിൽ കെ.പി.സി.സി നിർവാഹക സമിതി അംഗം അഡ്വ. സോണി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടമല, ബിജു പുളിയൻതൊട്ടി, ദേവസ്യ പാലപ്ലാറം, വർഗീസ് പയ്യമ്പള്ളി, കാര യിൽ മൊയ്തു, എ.ജെ. തോമസ്, അപ്പു കണ്ണാവിൽ, സോജൻ കരാമയിൽസ ബാബു പള്ളിപ്പുറം, അപ്പുക്കുട്ടൻ സ്വാമിമഠം പ്രസംഗിച്ചു. 11ന് കാർഷിക വികസന ബാങ്കിന്റെ ആലക്കോട് ശാഖയിൽ ജപ്തി നടപടികൾ ആരംഭിക്കുന്ന സാഹചര്യത്തിലാണ് കർഷക കോൺഗ്രസ് പ്രതിഷേധ സമരം പ്രഖ്യാപിച്ചിരിക്കുന്നത്.

സമൂഹ നോമ്പ് തുറയും റിലീഫ് വിതരണവും നാളെ

മംഗര മംഗര ബദരിയ്യ നഗർ സ്പന്ദനം റീലീഫ് സെല്ലും യൂത്ത് ലീഗും സംയുക്തമായി സംഘടിപ്പിക്കുന്ന സമൂഹ നോമ്പ്തുറയും റിലീഫ് വിതരണവും, അവാർഡ് ദാനവും നാളെ വൈകുന്നേരം അഞ്ച് മണിക്ക് നൂറുൽ ഇസ്ലാം മദ്രസയിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

അനുമോദന സദസ്സ് കെ.വി സുമേഷ് ഉദ്ഘാടനം ചെയ്യുന്നു.

പരിസ്ഥിതി ദിനം ആഘോഷിച്ചു

പൂപ്പറമ്പ് ഏരുവേശ്ശി ഗവ. യു.പി. സ്കൂളിൽ കെ. സുധീഷ് ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപകൻ പി.വി. വിജയൻ, ശ്രീനിവാസൻ ആര്യപ്പാട്ട്, ഫാൻസി ജോർജ്, കെ.വി. ബാലകൃഷ്ണൻ, പി.വി. പവിത്രൻ, പി.കെ. ബാലഗോപാലൻ, അക്ഷയ് രമേശൻ സംസാരിച്ചു.

കാഞ്ഞിരക്കൊല്ലി കാദർ ഹാജി മെമ്മോറിയൽ യു.പി. സ്കൂളിൽ പ്രഥമാധ്യാപകൻ പി.ജെ. ജോസഫ് പരിസ്ഥിതി ദിന സന്ദേശം നൽകി. സ്കൂൾ മാനേജർ ഫാ.ജോസ് ആനാനിക്കൽ വൃക്ഷ തൈകൾ നട്ടു. കുട്ടികളെ മഴ മാപിനി നിർമാണം പരിചയപ്പെടുത്തി. വയക്കര ഗവ. യു.പി. സ്കൂളിൽ എസ്.എം.സി. ചെയർമാൻ കെ.വി. ബിജുമോൻ ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപകൻ പി.രാജൻ അധ്യക്ഷത വഹിച്ചു. പി.വി. ശ്രീജ, കെ.പി.ശിവ പ്രസാദ്, എം.വി. നാരായണൻ സംസാരിച്ചു.

തളിപ്പറമ്പ: യൂത്ത് ലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ കീഴിലുള്ള ഐഡിയൽ യൂത്ത് കോറിന്റെ ആഭിമുഖ്യത്തിൽ വൃക്ഷത്തൈ നടീൽ മുനിസിപ്പൽ തല ഉൽഘാടനം സീതിസാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ് ടു ബ്ലോക്ക് പരിസരത്ത് വെച്ച് മുനിസിപ്പൽ യൂത്ത് ലീഗ് പ്രസിഡന്റ് എൻ.യു ഷഫീഖ് മാസ്റ്ററുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ റിട്ടയേർഡ് അസിസ്റ്റന്റ് ഫോറസ്റ്റർ കൺസർവേറ്റർ പി. രാമകൃഷ്ണൻ നിർവഹിച്ചു. അഡ്വ: എസ് മമ്മു, പി.കെ സുബൈർ, പി.പി മുഹമ്മദ് നിസാർ, കൊടിയിൽ സലീം, പി.സി നസീർ, ഓലിയൻ ജാഫർ സംസാരിച്ചു, അഷ്റഫ് ബപ്പു, റഷീദ് പുളിമ്പറമ്പ, സി. മുനീർ, മുസ്തഫ കുറ്റിക്കോൽ, നൗഫൽ മന്ന, അൻഷാദ്, അബൂബക്കർ, എൻ.യു. മുസ്തഫ, കെ.ടി. മുസ്തഫ പങ്കെടുത്തു. കെ. അഷ്റഫ് സ്വാഗതവും പി കെ. ഹനീഫ നന്ദിയും പറഞ്ഞു.

പനക്കാട് ഗവ: എൽ.പി സ്കൂളിലെ പരിസ്ഥിതി ദിനാചരണം ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തളിപ്പറമ്പ ഈസ്റ്റ് യൂണിറ്റിന്റെ സഹകരണത്തോടെ നടന്നു. സ്കൂൾ എച്ച്.എം. ശോഭന അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി അംഗം പി.രാജീവൻ പ്ലാവ് നട്ട് ഉദ്ഘാടനം ചെയ്തു. വാസുദേവൻ മാസ്റ്റർ, ദിലീഷ് കുമാർ പരിയാരം, ചന്ദ്രൻ അഖിൽ, നവീൻ രാജ്, പി. അശോകൻ ആശംസയർപ്പിച്ചു സംസാരിച്ചു. കുട്ടികൾക്കുള്ള വൃക്ഷത്തൈ എസ്എംസി അംഗം എം.പി ജനാർദ്ദനൻ നിർവഹിച്ചു. രമേശൻ സ്വാഗതവും, സ്റ്റാഫ് സെക്രട്ടറി വി. ഓമന നന്ദി പറഞ്ഞു.

ലൈസൻസ്ഡ് എഞ്ചിനിയേഴ്സ് ആന്റ് സൂപ്പർ വൈസേഴ്സ് ഫെഡറേഷ (ലെൻസ്ഫെഡ്)ന്റെ ആഭിമുഖ്യത്തിലുള്ള പരിസ്ഥിതി ദിനാഘോഷം വൃക്ഷത്തൈ നട്ട് നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം നിർവഹിച്ചു. നഗരസഭാ സെക്രട്ടറി കെ. അഭിലാഷ്, മുനിസിപ്പൽ എഞ്ചിനീയർ പി.വി. ബിജു, ലെൻസ് ഫെഡ് യൂണിറ്റ് പ്രസിഡണ്ട് കെ. പ്രജിത്ത്, ബിനു ജോർജ്, പോള ചന്ദ്രൻ സ്വാഗതവും പി.എസ്. ബിജുമോൻ നന്ദിയും പറഞ്ഞു.

സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂളിൽ പരിസ്ഥിതി ദിനാചരണം തളിപ്പറമ്പ ഫയർഫോഴ്സ് സ്റ്റേഷൻ ഓഫീസർ പവിത്രൻ ഉദ്ഘാടനം ചെയ്യുന്നു.

സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂൾ, നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. പ്ലാവിൻതൈ നട്ട് തളിപ്പറമ്പ ഫയർ ഫോഴ്സ് സ്റ്റേഷൻ ഓഫീസർ പവിത്രൻ ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പാൾ എം. അബ്ദുൽ മുത്തലിബ് അധ്യക്ഷനായി. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ പി.എസ്. അൻവർ സ്വാഗതവും ഫാത്തിമ കരീം നന്ദിയും പറഞ്ഞു. മുഹമ്മദ് കട്ടിൽ, ടി.പി. ഷഫീഖ്, സി. സുഹൈൽ, സി. സിറാജ്, മുഹമ്മദ് സയ്യിദ്, കെ. സക്കരിയ, നിസരി, ഫായിസ, സൽമ, പി. ബീന, ഷീന നായർ, റഹ്മത്ത് ബീവി നേതൃത്വം നൽകി.

ഇരിങ്ങൽ: ഇരിങ്ങൽ യു.പി സ്കൂളിൽ പരിസ്ഥിതി ദിനാചരണത്തിൽ തളിപ്പറമ്പ നോർത്ത് ബി.പി.ഒ എസ്.പി. രമേശൻ മാസ്റ്റർ ഉദ്ഘാടനവും വൃക്ഷത്തൈ വിതരണവും നടത്തി. ദിലീഷ് കുമാർ അധ്യക്ഷനായി. കെ.പി. പ്രിയ, കെ.എം. സുജിത്ത് സംസാരിച്ചു. പ്രധാനധ്യാപിക, കെ.പി. ജയശ്രീ സ്വാഗതവും ഇ.കെ. രമേശൻ നന്ദിയും പറഞ്ഞു.

സയ്യിദ് നഗർ അംഗൻവാടിയിൽ പ്രവേശനോത്സവം നടത്തി. പി. പത്മിനി അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ വി.എം. മുസ്തഫ ഉദ്ഘാടനം ചെയ്തു. സി. മുഹമ്മദ് കുഞ്ഞി, അനസ് കായക്കുൽ, അസ്ലം, അശ്രഫ് സംസാരിച്ചു. അമീൻ പതിനെട്ട് സ്വാഗതം പറഞ്ഞു.

വിവേകാനന്ദ വിദ്യാലയത്തിൽ പരിസ്ഥിതി ദിനാഘോഷം റിട്ട. ഡി.വൈ.എസ്.പി ടി.പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പി.പി. ശശിധരന്റെ അധ്യക്ഷനായി. എ.പി. ഗംഗാധരൻ, പി. ബാലകൃഷ്ണമാരാർ, ഒ. കുഞ്ഞികൃഷ്ണൻ, എ.പി. ബസജ സംസാരിച്ചു. എസ്.കെ. മുരളീധരൻ സ്വാഗതവും ബി.പി. ചന്ദ്രമതി നന്ദിയും പറഞ്ഞു.

മോറാഴ: കാനൂൽ ജൂബിലി മെമ്മോറിയൽ എ.എൽ.പി. സ്കൂളിൽ നടന്ന പരിസ്ഥിതി ദിനാഘോഷം പുല്ലായ്ക്കൊടി ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡന്റ് സി.സുരേശൻ അധ്യക്ഷത വഹിച്ചു. ഒന്നാം ഹരിതോത്സവത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ കത്തും വിത്തും പരിപാടി, സ്കൂൾ കാമ്പസിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ, മഴ പരിചയം, മഴ നനയൽ, ജൈവവൈവിധ്യ രജിസ്ട്രേഷന്റെ പ്രാരംഭം കുറിക്കൽ എന്നിവ നടന്നു. സ്കൂൾ ഹെഡ്മാസ്റ്റർ ഇ.കെ. വിനോദൻ സ്വാഗതം പറഞ്ഞു.

പൂമംഗലം: പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പൂമംഗലം യു.പി. സ്കൂളിൽ ഹരിതോത്സവം, ചരലിലൂടെയുള്ള ഓട്ടമത്സരം, പ്ലാവിന്റെയും കുറ്റ്യാട്ടൂർ മാവിന്റെയും തൈനടൽ, കൊളാഷ് നിർമ്മാണം, പാഴ് വസ്തുക്കളിൽ നിന്നും കരകൗശല വസ്തു നിർമ്മാണം, കുട്ടികൾക്ക് വൃക്ഷത്തൈ വിതരണം, ശുചിത്വ പ്രതിജ്ഞ എന്നിവ നടന്നു. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ബാഗമായി പൂമംഗലം പുഴക്ക് ആഴം കൂട്ടുമ്പോൾ ലഭിച്ച ചരലാണ് സ്കൂൾ മുറ്റം ജൈവവൈവിധ്യമാക്കാനായി വിരിച്ചത്. എ.കെ.എ. ബിന്ദു ടീച്ചറുടെ അധ്യക്ഷതയിൽ വാർഡ് മെമ്പർ പി. ലക്ഷ്മണൻ ഉദ്ഘാടനം ചെയ്തു. ഓട്ടമത്സരത്തിൽ വിജയികളായ ജുനൈദ്, അഭിജിത്ത് എന്നിവർക്ക് പി. അബ്ദുറഹ്മാൻ സമ്മാനം വിതരണം ചെയ്തു. പി.ഷീബ, ഒ.സി.സുഭാഷ്, റൗഫ് കുട്ടോത്ത്, എൻ.പി.റഷീദ്, ഷൈമ ഭാസ്കരൻ, സി.സത്യാനാരായണൻ സംസാരിച്ചു.

മയ്യിൽ: എ.എൽ.പി. സ്കൂൾ പ്രവേശനോത്സവത്തിൽ ഗ്രാമസേവാസമിതി രക്ഷധികാരി കെ.എം.വേലായുധന്റെ സാന്നിധ്യത്തിൽ പ്രസിഡന്റ് ആർ.വി. ഗംഗാധരൻ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. വാർഡ് മെമ്പർ കെ.അശോകൻ, പി.ടി.എ. പ്രസിഡന്റ് സി.വി.ശശീന്ദ്രൻ, വൈസ് പ്രസിഡന്റ് എം.വി.വേണുഗോപാൽ പങ്കെടുത്തു.

ഐഡിയൽ യൂത്ത് കോറിന്റെ പരിസ്ഥിതി ദിനാചരണം ഉൽഘാടനം റിട്ടയേർഡ്അസിസ്റ്റന്റ് ഫോറസ്റ്റർ കൺസർവേറ്റർ പി. രാമകൃഷ്ണൻ നിർവ്വഹിക്കുന്നു.

പട്ടുവം അങ്കണവാടിയിൽ കുട്ടികളും പഞ്ചായത്ത് അംഗം കപ്പച്ചേരി രാജീവനും വൃക്ഷത്തൈ നടുന്നു.

ലൈൻസ്ഫെഡിന്റെ പരിസ്ഥിതി ദിനാഘോഷം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് ഉദ്ഘാടനം ചെയ്യുന്നു.

Security ആവശ്യമുണ്ട്
ARMY RETD/ മുൻപരിചയമുള്ളവർക്ക് മുൻഗണന
AIROCIS COLLEGE
OF AVIATION AND MANAGEMENT STUDIES
Nr. Govt. Hospital, Karimbam, Taliparamba, Kannur
Mob: 9745353009

ആവശ്യമുണ്ട്
ബ്രഡ് കമ്പനിയിലേക്ക് ജോലി പരിചയമുള്ളവരെയും വനിത ഹെൽപ്പർമാരെയും ആവശ്യമുണ്ട്. ബന്ധപ്പെടുക
9497764898

6 മാസം കൊണ്ട് SSLC/+2
SSLC പാസ്സായവർക്ക് +2 കോഴ്സിനും 15 വയസ്സ് പൂർത്തിയായവർക്ക് SSLC ക്കും ചേരാം. SSLC / +2 തോറ്റവർക്ക് തോറ്റ വിഷയം മാത്രം എഴുതി പാസ്സാകം.
6 മാസം കൊണ്ട്
BA/BCom/BCA/BBA/MBA/ MCA/ MCom/MA/MPhil etc./
(Break - in - Study)
ഡിപ്ലോമ കഴിഞ്ഞവർക്ക് ഡിഗ്രി
Air Line Management, Hotel Management, Travel & Tourism etc.
IASE COLLEGE
Payyannur : 04985209624
Taliparamba: 9895565624, 9895900114

ബില്ലിംഗ് സ്റ്റാഫിനെ ആവശ്യമുണ്ട്
തളിപ്പറമ്പിലുള്ള രാജധാനി സൂപ്പർമാർക്കറ്റിലേക്ക് ബില്ലിംഗ് സെക്ഷനിൽ സ്റ്റാഫിനെ ആവശ്യമുണ്ട്. (Male/Female)
9895350090
9447850296

കട മുറികൾ വാടകക്ക്
തളിപ്പറമ്പ നാഷണൽ ഹൈവേയിൽ ഓഫീസ് / ബിസിനസ് സ്ഥാപനങ്ങൾക്ക് അനുയോജ്യമായ കടമുറികൾ വാടകക്ക്.
9995595157
9633885157

പോത്ത് വിൽപ്പനക്ക്
40എണ്ണം
കാരക്കുണ്ട് - തളിപ്പറമ്പ്
6282599449
6282308255

ഷോപ്പ് നവീകരിക്കുന്നതിനാൽ എല്ലാ തുണിത്തരങ്ങളും വമ്പിച്ച വിലക്കുറവിൽ
വിറ്റഴിക്കുന്നു
മമ്മി & മീ
ടെക്സ്റ്റൈൽസ്
മെയിൻറോഡ്, നിയർ ഡിലൈറ്റ് സ്റ്റുഡിയോ, തളിപ്പറമ്പ്